സംരക്ഷണം, അംശാദായ ഫണ്ട് തുടങ്ങിയ തൊഴിലാളി ക്ഷേമ പദ്ധതികൾ എന്നിവ തുടർന്നു വരുന്നു. ഇതുകൂടാതെ കൈത്തറി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ചു പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റിയേയും നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അതിന്റെ പ്രവർത്തനം തുടർന്നു വരുന്നു.

(ബി) ഹാൻഡ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ ഉല്പാദന കേന്ദ്രങ്ങളിലെ നെയ്ത്തുകാർ വഴിയും, കോർപ്പറേഷൻ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിംഗിന്റെ നെയ്ത്തുകാരെ ഉപയോഗിച്ചും കമ്പ്യൂട്ടർ ഡിസൈനിംഗ് വഴിയും, അല്ലാതെയും വിദേശ മാർക്കറ്റിനാശ്യമായ തുണിത്തങ്ങളുടെ സാമ്പിളുകൾ ഉല്പാദിപ്പിക്കുകയും അവ നിരവധി വിദേശ വ്യാപാര കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്തു വരുന്നു. കൂടാതെ ഫാങ്ഫർട്ട്., ഹോങ്കോങ് തുടങ്ങിയ വിദേശ വ്യാപാര കേന്ദ്രങ്ങളിൽ നടത്തിയ പ്രദർശനങ്ങളിലും ഇൻഡ്യാ ഫെയറിലും കോർപ്പറേഷൻ പങ്കെടുക്കുകയും ചെയ്തു. ഇതിനായി കേന്ദ്ര സർക്കാർ സ്കീം ഓഫ് എക്സ്പോർബിൾ പ്രോജക്ട് ആന്റ് ദെയർ മാർക്കറ്റിംഗ് എന്ന പദ്ധതി അംഗീകരിക്കുകയും ഇതെവരെയായി 9 ലക്ഷം രൂപ അനുവദിച്ചു തരുകയുമുണ്ടായി.

(സി) 1998-99-ൽ 6 ലക്ഷം രൂപയുടെയും ഇപ്പോൾ ഹോങ്കോങ് ഫെയറിൽ പങ്കെടുത്തതിന്റെ ഫലമായി ചിലതരം തുണിത്തരങ്ങൾക്ക് ട്രയൽ ഓർഡറും ലഭിച്ചിട്ടുണ്ട്.

(ഡി) കോർപ്പറേഷനിലെ സ്ഥിരം നെയ്ത്തുകാർക്ക് നെയ്തു തീർക്കാൻ പറ്റാത്തയളവിൽ തുണി ഉൽപ്പാദിപ്പിക്കേണ്ടി വരുമ്പോൾ മറ്റു സഹകരണ സംഘങ്ങളെ ആശ്രയിക്കാറുണ്ട്. ഇപ്പോൾ കണ്ണൂർ മേഖലയിൽ 35 പ്രൈമറി കൈത്തറി സഹകരണ സംഘങ്ങൾക്ക് സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ നെയ്തു തരുവാൻ ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) മാർക്കറ്റ് വികസന സഹായം 1/4/2000 മുതൽ നിർത്തലാക്കുവാൻ കേന്ദ്ര സർക്കാർ നടപടി എടുത്തിട്ടുണ്ട്.

(എഫ്) മാർക്കറ്റ് വികസന സഹായമായി 1998-99 വർഷത്തെ ക്ലെയിം വകയിൽ 2,81,71,403 രൂപ കേന്ദ്ര സർക്കാരിൽ നിന്നും കിട്ടേണ്ടിയിരുന്നു. അതിൽ 1,73,22,103 രൂപ കേന്ദ്ര സർക്കാരിൽ നിന്നും മാർച്ച് 2000-ൽ ലഭിച്ചു. ശേഷിക്കുന്ന 1,08,49,300 രൂപ കേന്ദ്ര സർക്കാരിൽ നിന്നും കിട്ടുവാനുണ്ട്. 1999-2000 വർഷത്തെ മാർക്കറ്റ് വികസന സഹായ ക്ലെയിമിൽ 1,37,52,311 രൂപ ലഭിക്കുവാനുണ്ടായിരുന്നതിൽ മാർച്ച് 2000-ൽ 26,77,897 രൂപ ലഭിച്ചു. ശേഷിക്കുന്ന 1,10,74,414 രൂപ ലഭിക്കുവാനുണ്ട്.

(ജി) പ്രസ്തുത സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ടി തുക ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

പ്രാഥമിക കൈത്തറി നെയ്ത്തു സംഘങ്ങൾ

110(3111)ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ ഉണ്ട്; എത്ര കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും സഹകരണ സംഘങ്ങൾ ഉണ്ടോ;

(സി) ഈ സംഘങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നവർ എത്ര;

(ഡി) പ്രവർത്തനം ഇല്ലാത്ത സംഘങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(ഇ) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിലും എം.ഡി.എ. ഇനത്തിലും എന്തു തുക കൊടുത്തു തീർക്കാനുണ്ട്; അത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 621 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളും 136 കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘങ്ങളും ഉണ്ട്.

(ബി)&(സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) പ്രവർത്തിപ്പിക്കാത്ത സംഘങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പ്രവർത്തനം മന്ദീഭവിച്ച ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ പ്രവർത്തനം പുനരുദ്ധരിക്കുന്നതിനു വേണ്ടി കൈത്തറി തൊഴിലാളികൾക്ക് വീട് പണിയുന്നതിലേയ്ക്ക് 15,000 രൂപ ലോണായും 10,000 രൂപ ഗ്രാന്റായും സംഘം ഒന്നിന് 10 തൊഴിലാളികൾക്ക് വീതം നൽകി വരുന്നു.

(ഇ) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ 6,01,60,208 രൂപയും എം.ഡി.എ. ഇനത്തിൽ 2,21,54,581 രൂപയും കൊടുത്തു തീർക്കുവാനുണ്ട്. ഇതു കൂടാതെ അപ്പക്സ് സംഘമായ ഹാന്റക്സ് റിബേറ്റിനത്തിൽ 45,98,152 രൂപയും കൊടുത്തു തീർക്കാനുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

ഖാദി യൂണിറ്റുകൾക്കുള്ള വില്പന നികുതി ആനുകൂല്യം

111 (3112)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ബോർഡിൽ എത്ര യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ യൂണിറ്റുകളിലായി ഏകദേശം എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ യൂണിറ്റുകൾക്ക് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ യൂണിറ്റുകൾക്ക് വിൽപ്പന നികുതി ഇളവ് ആനുകൂല്യം നൽകി വരുന്നുണ്ടോ; എങ്കിൽ ഏത് കാലയളവുവരെ നൽകി; പിന്നീട് നിർത്തലാക്കാൻ എന്താണ് കാരണം;

LIBRARY ARCHIVES Kerala Legislative Assembly